**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4832** **20-07-2022 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേയുടെ നിർമ്മാണ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തീരദേശ ഹൈവേയുടെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് തുടങ്ങാൻ കഴിയുമെന്നും എത്ര ജില്ലകളിലൂടെ കടന്ന് പോകുന്നുവെന്നും നിലവിൽ ഓരോ ജില്ലയിലും ഇതിന് വേണ്ട സ്ഥലം ലഭിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ; | (എ) | തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 9 തീരദേശ ജില്ലകളിലൂടെ കടന്നു പോകുന്ന തീരദേശ ഹൈവേ 623 കി. മീ ദൂരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. 9 ജില്ലകളിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഉത്തരവ് ലഭിച്ചിട്ടുണ്ട്. 5 ജില്ലകളിൽ സർവ്വേ അതിരടയാള ആക്ട് സെക്ഷൻ 6(1) പ്രകാരം വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ഹൈവേ പദ്ധതി നടപ്പാക്കുക വഴി വിനോദ സഞ്ചാര സാധ്യതകൾ വർദ്ധിക്കുന്നത് എങ്ങനെയാണെന്ന് വിശദമാക്കാമോ? | (ബി) | ഒരു വശത്ത് 2.5 മീറ്റർ വീതിയിൽ ആധുനിക രീതിയിലുള്ള സൈക്കിൾ ട്രാക്ക്, 7 മീറ്റർ ക്യാരിയേജ് വേ എന്നിവ ഉൾപ്പെടുത്തി 14 മീറ്റർ റൈറ്റ് ഓഫ് വേയിലാണ് ഹൈവേ നിർമ്മിക്കുന്നത്. സ്ഥല ലഭ്യതയുള്ള ഇടങ്ങളിൽ ടൂറിസ്റ്റ് അമിനിറ്റി സെന്ററുകൾ, ബീച്ച് പ്രൊമിനെയ്ഡുകൾ എന്നിവ പദ്ധതിയുടെ ഭാഗമായി നിർമിക്കുവാൻ ഉദ്ദേശിക്കുന്നു. പൂവാർ, കോവളം, വർക്കല, തങ്കശ്ശേരി, ആലപ്പുഴ, ഫോർട്ട് കൊച്ചി, ചെറായി, ബേപ്പൂർ, മുഴപ്പിലങ്ങാട്, ബേക്കൽ തുടങ്ങിയ കേരളത്തിലെ പ്രധാനപ്പെട്ട തീരദേശ വിനോദ സഞ്ചാര കേന്ദ്രങ്ങളെ തമ്മിൽ ഹൈവേ ബന്ധിപ്പിക്കും. തീരദേശഹൈവേ, വിനോദ സഞ്ചാരികൾക്ക് വേഗത്തിൽ സഞ്ചരിക്കുവാനും, കടൽ കാഴ്ചകൾ ആസ്വദിക്കുവാനുമുള്ള അവസരമൊരുക്കും. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ജില്ല | കി മീ | റവന്യു ഉത്തരവ് | വിസ്തൃതി ( ഹെക്ടർ) | LA പുരോഗതി |
|---|---|---|---|---|
| തിരുവനന്തപുരം | 72.87 | G.O.(Rt)No.1185/2022/RD Dated 19-03-2022<br>G.O.(Rt)No.1184/2022/RD Dated 19-03-2022<br>G.O.(Rt)No.1187/2022/RD Dated 19-03-2022 | 53.055 | കല്ലിടൽ പ്രവൃത്തി പുരോഗമിക്കുന്നു |
| കൊല്ലം | 50.52 | G.O.(Rt)No.1190/2022/RD Dated 19-03-2022<br>G.O.(Rt)No.1191/2022/RD Dated 19-03-2022<br>G.O.(Rt)No.1192/2022/RD Dated 19-03-2022 | 56.275 | കല്ലിടൽ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് |
| ആലപ്പുഴ | 44.10 | G.O.(Rt)No.1188/2022/RD Dated 19-03-2022<br>G.O.(Rt)No.1189/2022/RD Dated 19-03-2022 | 54.810 | കല്ലിടൽ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് |
| എറണാകുളം | 36.00 | G.O.(Rt)No.1582/2022/RD Dated 06-04-2022 | 58.390 | കല്ലിടൽ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് |
| തൃശൂർ | 70.90 | G.O.(Rt)No.1581/2022/RD Dated 06-04-2022 | 101.820 | കല്ലിടൽ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് |
| മലപ്പുറം | 40.34 | G.O.(Rt)No.1170/2022/RD Dated 18-03-2022<br>G.O.(Rt)No.1688/2022/RD Dated 18-04-2022 | 12 .100 | കല്ലിടൽ പ്രവൃത്തി ടെണ്ടർ ചെയ്തിരിക്കുന്നു |
| കോഴിക്കോട് | 50.91 | G.O.(Rt)No.1686/2022/RD dtd 18-04-22<br>G.O.(Rt)No.2241/2022/RD dtd 20-05-22 | 64798 | കല്ലിടൽ പ്രവൃത്തി നടന്നു വരുന്നു |

| | | | | |
|---|---|---|---|---|
| | | G0(Rt)No.1215/2020/RD dated 24/03/2020<br><br>G0(P)No.102/2020/RD dated 13/12/2020.<br><br>G0(Rt)No.2053/2020/RD dated 05/06/2020<br><br>G0(Rt)No.1684/2022/RD dated 18.04.2022<br><br>G.O.(Rt)No.2389/2022/RD Dated 30-05-2022 | | |
| കണ്ണൂർ | 44.53 | G.O.(Rt)No.2468/2022/RD Dated 03-06-2022 | 39.180 | കല്ലിടൽ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് |
| കാസർഗോഡ് | 58.13 | G.O.(Rt)No.1687/2022/RD Dated 18-04-2022<br><br>G.O.(Rt)No.2280/2022/RD Dated 23-05-2022 | 100.190 | കല്ലിടൽ പ്രവൃത്തി ടെണ്ടർ ചെയ്തിരിക്കുന്നു |